(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ

1 (4583) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എനർജി മാനേജ്മെന്റ് സെന്ററിന് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം അവാർഡുകളാണ് ലഭിച്ചത് ;

(സി) എനർജി മാനേജ്മെന്റ് സെന്ററിന്റെ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവാർഡുകൾ ലഭിക്കുവാൻ കാരണമായതെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2012

2nd ബെസ്റ്റ് പെർഫോമിംഗ് SDA (സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി)

(2) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2013

2nd ബെസ്റ്റ് പെർഫോമിംഗ് SDA

(3) എനർജി എഫിഷ്യൻസി, കൺസർവേഷൻ ഡിമാന്റ് സൈഡ് മാനേജ്മെന്റ് വിഭാഗത്തിൽ ഇന്ത്യ പവർ അവാർഡ് 2014

(4) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2014 ഒന്നാം സ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

(സി) (1) വിവിധ മാധ്യമങ്ങളിലൂടെ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി നടത്തിയ ഊർജ്ജസംരക്ഷണ ബോധവത്കരണ പരിപാടികൾ

(2) ഊർജ്ജ കാര്യക്ഷമത പ്രോജക്ടുകൾ (LED Street light, Bachat Lamp Yojana Etc)

(3) വിവിധ കാലഘട്ടങ്ങളിൽ ഊർജ്ജസംരക്ഷണത്തിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള (HT/EHT ഉപഭോക്താക്കൾക്ക് നിർബന്ധിത എനർജി ഓഡിറ്റിംഗ് ഉൾപ്പെടെയുള്ളവ) പ്രവർത്തനങ്ങൾ

(4) വ്യവസായ മേഖലയിൽ ഊർജ്ജകാര്യക്ഷമത/ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

(5) സ്കൂൾ കുട്ടികൾക്കിടയിൽ സ്റ്റാർട്ട് എനർജി പ്രോഗ്രാം/ നാളേക്കിതിരി ഊർജ്ജം എന്ന പേരിൽ ക്ലബ്ബുകൾ രൂപീകരിച്ചുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ

(6) ഊർജ്ജ ക്ലിനിക് എന്ന പേരിൽ പരിശീലനം ലഭിച്ച വനിതാ വൊളണ്ടിയർമാർ വഴി വീട്ടമ്മമാർക്കുള്ള ഊർജ്ജസംരക്ഷണ ബോധവത്കരണ പ്രവർത്തന ങ്ങൾ

(7) ഊർജ്ജ കാര്യക്ഷമത കൂടിയ തെരുവുവിളക്കുകൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിൽ ഓരോന്നിലും 45W-ന്റെ 100 എൽ.ഇ.ഡി. ലൈറ്റുകൾ നൽകി ഊർജ്ജ സംരക്ഷണത്തിൽ പങ്കാളിയാക്കി.

(8) എൽ.ഇ.ഡി. ഗ്രാമം പരിപാടി കേരളത്തിലെ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത ആറ് സർക്കാർ സ്ഥാപനങ്ങളിൽ ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും സ്റ്റാർ റേറ്റഡ് ഫാനുകളും എയർകണ്ടീഷനറുകളും റ്റി 5-ന്റെ ട്യൂബ് ലൈറ്റുകളും നൽകി.

(9) ഊർജ്ജസംരക്ഷണ ബോധവത്കരണ പരിപാടികളിൽ നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly